(10) പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്ന ആവശ്യം

ശ്രീ. പി.ജെ. ജോയി : സർ, പ്ലാന്റേഷൻ കോർപ്പറേഷനിലെ ആയിരക്കണക്കിന് വരുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ പരിധിയിൽപ്പെടുത്തിയായിരുന്നു അവരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കിയിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി പ്ലാന്റേഷൻ കോർപ്പറേഷൻ സന്ദർശിച്ചപ്പോൾ പറഞ്ഞത് പി.എൽ.സി.യുടെ പരിധിയിൽനിന്നും പ്ലാന്റേഷൻ കോർപ്പറേഷനെ ഒഴിവാക്കാം എന്നാണ്. അങ്ങനെയെങ്കിൽ ഈ പരിധിയിൽനിന്നും അവരെ ഒഴിവാക്കിക്കൊണ്ട് പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജുമെന്റും തൊഴിലാളി യൂണിയനുകളുമായി നേരിട്ട് ചർച്ച നടത്തി സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് കാലതാമസം വരുമെങ്കിൽ ഒരു ഇടക്കാലാശ്വാസം നൽകുന്നതിനെപ്പറ്റി ഗവൺമെന്റ് തീരുമാനം എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, തോട്ടം വ്യവസായത്തിൽ ഇപ്പോൾ നിലനിൽക്കുന്നത് പി.എൽ.സി.യുടെ ശുപാർശ അനുസരിച്ചുള്ള സേവന-വേതന വ്യവസ്ഥകളാണ്. 15.7.1996-ലെ തീർപ്പ് അനുസരിച്ചുള്ള സേവന-വേതന വ്യവസ്ഥയാണ് ഇപ്പോൾ തോട്ടം വ്യവസായത്തിലെ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. 31-3-1999-ൽ അതിന്റെ കാലാവധി കഴിഞ്ഞു. പുതിയ സേവന-വേതന പരിഷ്കാരത്തെ സംബന്ധിച്ച് പി.എൽ.സി.യുടെ അന്തിമ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. ആ തീരുമാനം ഗവൺമെന്റ് പ്രതീക്ഷിക്കുകയാണ്. തോട്ടം വ്യവസായത്തിൽ പ്രത്യേകിച്ച് റബ്ബർ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ സേവന-വേതനത്തെ സംബന്ധിച്ച് പി.എൽ.സി.യുടെ ശുപാർശകൾ മതിയായ അളവിലാണോ എന്നതിനെ സംബന്ധിച്ച തർക്കം നിലനിൽക്കുന്നുണ്ട്. ഗവൺമെന്റിന് ഒരു തുറന്ന മനസ്സാണുള്ളത്. അതുകൊണ്ട് ഇതിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും പരിശോധിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്. കാരണം പൊതുമേഖലാ സ്ഥാപനങ്ങളിലെ തോട്ടങ്ങളിലെ തൊഴിലാളികളുടെ മാത്രം പ്രശ്നമല്ല ഇത്. സ്വകാര്യ തോട്ടങ്ങളുടെ കൂടി പ്രശ്നമുണ്ട്. അതുകൊണ്ട് ഇതിന്റെ എല്ലാവശങ്ങളും പരിശോധിച്ചതിനുശേഷം ഒരു തീരുമാനം എടുക്കണമെന്നാണ് ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(11) പൈനാപ്പിൾ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ജോണി നെല്ലൂർ : സർ, രണ്ടുപ്രാവശ്യം സഭാ ബഹിഷ്കരണം കൊണ്ട് മാറ്റിവച്ച സബ്മിഷനാണ് ഇത്. കേരളത്തിലെ പൈനാപ്പിൾ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടിനെ സംബന്ധിച്ച് 14-ാം തീയതി നോട്ടീസ് നൽകിയിരുന്നു. പക്ഷെ നിർഭാഗ്യവശാൽ ഇന്നാണ് അത് അവതരിപ്പിക്കാൻ സാധിച്ചത്. കേരളത്തിലെ പൈനാപ്പിൾ ഉല്പാദിപ്പിക്കുന്ന കൃഷിക്കാർ ബഹുഭൂരിപക്ഷവും മൂവാറ്റുപുഴ താലൂക്കിലാണ്. പൈനാപ്പിളിന് 8 രൂപ മുതൽ 10 രൂപ വരെ വിലയുണ്ടായിരുന്ന സമയം ഉണ്ടായിരുന്നു. അടുത്തകാലത്ത് പൈനാപ്പിളിന്റെ വില വളരെ താഴേയ്ക്കു പോയി. രണ്ടു രൂപയും അതിനു താഴെയും വില വന്നു. പൈനാപ്പിൾ കൃഷിക്കാരെ രക്ഷിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു പഴം സംസ്കരണ ഫാക്ടറി യൂറോപ്യൻ സാമ്പത്തിക സമൂഹ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ധനസഹായത്തോടുകൂടി നടുക്കരയിൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. അവിടെ പൈനാപ്പിൾ ശേഖരിച്ച് സംഭരിച്ച് തുടങ്ങിയപ്പോൾ സ്വാഭാവികമായി മാർക്കറ്റിൽ വില ഉയർന്നു. വില കുറഞ്ഞ സാഹചര്യത്തിൽ നടുക്കരയിലെ പൈനാപ്പിൾ സംസ്കരണ ഫാക്ടറിയിൽ പൈനാപ്പിൾ ശേഖരിക്കാതെ വരികയും ആന്ധ്രയിൽനിന്നും കർണാടകയിൽനിന്നും മാമ്പഴം കൊണ്ടുവന്ന് സംഭരിച്ച് പ്രോസ്സസ് ചെയ്യുകയും ചെയ്ത ഒരു സാഹചര്യം ഉണ്ടായപ്പോൾ അതിനെതിരെ കൃഷിക്കാർ രാഷ്ട്രീയത്തിനതീതമായി ഒറ്റക്കെട്ടായി സമരത്തിലേയ്ക്ക് വരികയുണ്ടായി. ഞങ്ങൾ കൊടുത്ത നിവേദനത്തിന്റെ ഫലമായി, ഞങ്ങൾ ഇടപെട്ടതിന്റെ ഫലമായി വീണ്ടും പൈനാപ്പിൾ ശേഖരിക്കാനുള്ള സാഹചര്യം ഉണ്ടായി. ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നം, ബഹുമാന്യനായ മന്ത്രിയെപ്പോലും ഇവിടത്തെ ഉദ്യോഗസ്ഥന്മാർ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. എന്റെ ചോദ്യത്തിനു മറുപടിയായി 23-6-1999-ൽ ബഹുമാന്യനായ മന്ത്രി നൽകിയ ഉത്തരം, ഏപ്രിൽ മാസംവരെയുള്ള മിക്ക ദിവസങ്ങളിലും ദിവസം ഒരു ഷിഫ്റ്റ് പോലും പ്രവർത്തിക്കാൻ ആവശ്യമായ കൈതച്ചക്ക ലഭിക്കുന്നില്ല, അതുകൊണ്ടാണ് മാമ്പഴം കൊണ്ടുവരാൻ ഇടയായത് എന്നാണ്. അത് തെറ്റിദ്ധാരണാജനകമാണ്. ഒരു ദിവസം 50 ലോഡ് പൈനാപ്പിൾ അതിന് തൊട്ടടുത്ത മാർക്കറ്റിൽനിന്നും ബോംബയിലേയ്ക്കും പൂനയിലേയ്ക്കും കയറ്റി അയയ്ക്കുന്നു. അതുപോലെ പൈനാപ്പിൾ ഉല്പാദിപ്പിക്കുന്ന മേഖലയിൽ കേവലം 80 ടൺ ആണ് ഒരു ദിവസം ആവശ്യമായിട്ടുള്ളത്. അത് ലഭിക്കുന്നില്ല എന്ന് റിപ്പോർട്ട് എഴുതി ബഹുമാന്യനായ മന്ത്രിയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇവിടെയുണ്ട്. പൈനാപ്പിൾ കൃഷിക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ, പൈനാപ്പിളിന് 5 രൂപ എങ്കിലും തറവില പ്രഖ്യാപിച്ചുകൊണ്ട് സ്ഥിരമായി പഴം സംസ്കരണ ഫാക്ടറിയിൽ സംഭരിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാക്കി പൈനാപ്പിൾ കൃഷിക്കാരെ സംരക്ഷിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, പഴം സംസ്കരണശാല യൂറോപ്യൻ ഇക്കണോമിക് സമൂഹത്തിന്റെ സഹായത്തോടുകൂടി നിർമ്മിച്ചിട്ടുള്ളതാണ്. ഇന്നുവരെ അതിന്റെ ഔപചാരികമായ ഉദ്ഘാടനം കഴിഞ്ഞിട്ടില്ല. കാരണം അവിടെ നമുക്ക് ആവശ്യമായി വരുന്നത് ഒരു വർഷത്തിൽ 16,000 ടൺ പൈനാപ്പിളാണ്. മൂവാറ്റുപുഴ പ്രദേശങ്ങളിൽ വർഷത്തിൽ ഒരു ലക്ഷം ടണ്ണിലധികം പൈനാപ്പിൾ ഉല്പാദിപ്പിക്കുന്നുണ്ട്. ബോംബെ മാർക്കറ്റിലാണ് അത് പ്രധാനമായും വിറ്റഴിക്കുന്നത്. ഈ വർഷമുണ്ടായ പ്രത്യേകത, വേനൽമഴ ഉണ്ടായതുകൊണ്ട് പൈനാപ്പിൾ മുമ്പത്തെക്കാൾ കൂടുതൽ പൂക്കുകയും പൈനാപ്പിൾ ഉണ്ടാവുകയും ചെയ്തു. സാധാരണ സീസൺ അടിസ്ഥാനമാക്കി കൃഷിക്കാർതന്നെ സ്പ്രേ നടത്തി സമയബന്ധിതമായിട്ടാണ് പൈനാപ്പിൾ പൂക്കാനുള്ള സാഹചര്യമുണ്ടാക്കുന്നത്. ഇതാണ് അതിന്റെ സിസ്റ്റം. മാർക്കറ്റ്, അതിന്റെ ഡിമാന്റ് ആന്റ് സപ്ലൈ ഒക്കെ നോക്കിയാണ് പൈനാപ്പിൾ കൃഷിക്കാർ ഇത് പൂക്കാൻവേണ്ടി സ്പ്രേ ചെയ്യുന്നത്. പക്ഷെ വേനൽമഴ സമൃദ്ധിയായിട്ട് കിട്ടിയതുകൊണ്ടാണ് ഈ വർഷം സ്പ്രേ വേണ്ടിവരാത്തത്. ഇപ്പോൾ ഇഷ്ടംപോലെ പൈനാപ്പിളുണ്ടായി. നല്ലതാണ്. പക്ഷെ ബോംബെ മാർക്കറ്റിൽ പൈനാപ്പിൾ വിറ്റഴിക്കാൻ കഴിയാത്ത സ്ഥിതിവന്നു. അവിടെ മാമ്പഴത്തിന്റെ സീസണായിക്കഴിഞ്ഞു. അതിന്റെ ഒരു പ്രതിസന്ധിയാണ് ഈ വർഷമുണ്ടായത്. അതുകൊണ്ട് ഈ ഫാക്ടറിയിൽ 250 ദിവസം പൈനാപ്പിളും 50 ദിവസം മാമ്പഴവും സംസ്കരിക്കണമെന്നുള്ളതാണ് അതിന്റെ പ്രോജക്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. ജൂൺ, ജൂലൈ മാസ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളാണ് മാമ്പഴത്തിന്റെ സീസൺ. മറ്റു 10 മാസങ്ങളിലാണ് പൈനാപ്പിൾ സംസ്കരിക്കേണ്ടത്. അതിന് നാഷണൽ ഡയറിയുമായിട്ട് ഒരു കരാറുണ്ടാക്കി. നാഷണൽ ഡയറി കൊടുക്കുന്ന മാമ്പഴം ഒരു ടണ്ണിന് ഇന്ന തുകയ്ക്ക് സംസ്കരിച്ചുകൊടുക്കാമെന്നുള്ള വ്യവസ്ഥയിലാണ് കൊടുക്കുന്നത്. ആ കരാറനുസരിച്ചാണ് മാമ്പഴം സംസ്കരിച്ചിരുന്നത്. ഈ പ്രശ്നമുണ്ടായതിനെത്തുടർന്ന് ജൂൺ മാസത്തിൽ 4, 5, 7, 8, 9, 18, 19, 21 എന്നീ തീയതികളിൽ അവിടെ പൈനാപ്പിൾ വാങ്ങിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഒരു നിവേദനം ഗവൺമെന്റിന് ലഭിച്ചിരുന്നു. അതിനെ തുടർന്ന് 18.6.1999-ൽ ഒരു കോൺഫറൻസ് വിളിയ്ക്കുകയുണ്ടായി. അതിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജോണി നെല്ലൂരും പങ്കെടുത്തിരുന്നു. കൂടാതെ എല്ലാ കർഷക സംഘടനകളുടെയും പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവരും ഈ കോൺഫറൻസിൽ പങ്കെടുത്തു.. അതിനെത്തുടർന്ന് ആഴ്ചയിൽ മൂന്നു ദിവസം പൈനാപ്പിൾ വാങ്ങാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ആ നടപടി സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അതിന് ഇപ്പോൾ സപ്പോർട്ട്, പ്രൈസ് നിശ്ചയിക്കാൻ സാധ്യമല്ല. ഇന്റർനാഷണൽ മാർക്കറ്റിലാണ് ഇവിടെ സംസ്കരിച്ചാലും വിറ്റഴിക്കേണ്ടത്. ആ മാർക്കറ്റിലെ വിലയുമായി ബന്ധപ്പെടുത്തിയാണ് പൈനാപ്പിൾ വാങ്ങാൻ കഴിയുന്നത്. ഇപ്പോൾ മൂന്നു രൂപ അമ്പത് പൈസയാണ് ഒരു കിലോ പൈനാപ്പിളിന്റെ വില. ഇന്റർ നാഷണൽ മാർക്കറ്റിൽ വില ഉയരുന്നതിനനുസരിച്ച് ഇവിടെയും വില ഉയർത്തിക്കൊടുക്കാൻ നിർദ്ദേശിക്കാം.

(12) പേരാമ്പ്ര എസ്റ്റേറ്റ് തൊഴിലാളികളുടെ സമരം

<u>ശ്രീമതി എൻ.കെ. രാധ</u> : സർ, എന്റെ നിയോജക മണ്ഡലത്തിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള പേരാമ്പ്ര എസ്റ്റേറ്റിലെ തൊഴിലാളികൾ 7.6.1999 മുതൽ സമരരംഗത്താണ്. ബോണസ് അഡ്വാൻസ് റിക്കവറിയുടെ തവണകൾ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് തൊഴിലാളികൾ സമരം നടത്തുന്നത്. 67 രൂപ ദിവസക്കൂലിക്കാരാണ് തൊഴിലാളികൾ. മാസത്തിൽ 26 ദിവസവും ജോലി ചെയ്താൽ ഓണ അഡ്വാൻസ്, പി.എഫ്., എൽ.ഐ.സി., വെൽഫയർ ലോൺ, മെഡിക്കൽ അഡ്വാൻസ് തുടങ്ങിയ പിടിത്തമൊക്കെ കഴിഞ്ഞാൽ ബാക്കി കിട്ടുന്നത് കേവലം 800 രൂപയാണ്. ഈ സംഖ്യയിൽ നിന്നാണ് ഏകദേശം 400 രൂപയോളം ബോണസ് റിക്കവറി നടത്താൻ പ്ലാന്റേഷൻ മാനേജ്മെന്റ് തീരുമാനിച്ചിട്ടുള്ളത്. ഈ സമരത്തിന്റെ ഭാഗമായി ഇപ്പോൾ തോട്ടത്തിലെ റീപ്ലാന്റിംഗ് മേഖല സ്തംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് ഗവണ്മെന്റ് ഇടപെട്ട് തൊഴിലാളികളുടെ മിതവും ന്യായവുമായ ആവശ്യം അംഗീകരിക്കാൻ അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി <u>(ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)</u> : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം, പ്ലാന്റേഷൻ കോർപ്പറേഷൻ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം ഇപ്പോൾ റീപ്ലാന്റ് ചെയ്തുകൊണ്ടിരിക്കുന്ന സമയമാണെന്നതാണ്. അതുകൊണ്ടാണ് അത് നഷ്ടത്തിലാകുന്നത്. കഴിഞ്ഞവർഷം 12 ശതമാനം ബോണസാണ് അവിടത്തെ തൊഴിലാളികൾക്ക് നൽകിയത്. ഓണക്കാലത്ത് അവരുടെ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly